**ശ്രദ്ധക്ഷണിക്കൽ**

(1) സ്വകാര്യ കമ്പനികളിൽ തൊഴിൽ നിയമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഉന്നതമായ ജോലിയും ഉയർന്ന ശമ്പളവും ഏതുകാലത്തും നമ്മുടെ രാജ്യത്തെ യുവതലമുറയുടെ ഒരു സ്വപ്നമാണ്. അതീവഗൗരവതരമായ ഒരു പ്രശ്നം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. എറണാകുളം സ്വദേശിനി അന്ന സെബാസ്റ്റ്യൻ എന്ന 26 വയസ്സ് പ്രായമുള്ള മലയാളി യുവതിയുടെ അകാലവിയോഗം നമ്മളിൽ നടുക്കമുളവാക്കിയതാണ്. ഉദാരീകൃത സമ്പദ്വ്യവസ്ഥയിൻകീഴിൽ തഴച്ചുവളരുന്ന, മനുഷ്യജീവന് തെല്ലും വിലകൽപിക്കാത്ത വിഷലിപ്തമായ തൊഴിൽ സംസ്കാരത്തെയാണ് ഇന്ന് കോർപ്പറേറ്റുകൾ പിന്തുടർന്നുകൊണ്ടിരിക്കുന്നത്. ലോകത്തെ മുൻനിര അക്കൗണ്ട്സ് കമ്പനികളിലൊന്നായ പൂനെയിലെ EY Global (Ernst & Young)-ന്റെ ഇന്ത്യൻ അംഗമായിട്ടുള്ള SRBC (SR Batliboi & Co.)-ൽ ചാർട്ടേർഡ് അക്കൗണ്ടന്റ് ആയിരുന്ന അന്ന സെബാസ്റ്റ്യൻ. ജോലിയിൽ ചേർന്ന് നാല് മാസം പൂർത്തിയായപ്പോൾത്തന്നെ അമിത ജോലിഭാരം

അവരുടെ ജീവൻതന്നെ അപഹരിച്ചിരിക്കുകയാണ്. ജൂലൈ 21-നാണ് അന്നയുടെ മരണം സംഭവിക്കുന്നത്. മകളുടെ മരണത്തിന് കാരണം ഓഫീസിലെ ജോലിഭാരവും കടുത്ത മാനസിക സമ്മർദവുമാണെന്ന് ഉന്നയിച്ച് അന്നയുടെ മാതാവ് സ്ഥാപനമേധാവിക്ക് അയച്ച കത്ത് അന്നയുടെ മരണത്തിന് രണ്ടുമാസത്തിനുശേഷം പുറത്തുവന്നതോടുകൂടിയാണ് ഞെട്ടിപ്പിക്കുന്ന ഈ വിവരങ്ങൾ പുറംലോകമറിയുന്നത്. തൊഴിൽ മേഖലകളിൽ, പ്രത്യേകിച്ച് കോർപ്പറേറ്റ് കമ്പനികളിൽ അപകടകരമായിട്ടുള്ള തൊഴിൽരീതികളും മേധാവികളുടെ സമീപനവും ജീവനക്കാരിൽ സമ്മർദമുണ്ടാക്കുന്നു. ഞായറാഴ്ചകളിൽപ്പോലും രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ജോലി ചെയ്യിപ്പിക്കുന്ന പതിവ് കോർപ്പറേറ്റ് കമ്പനികളിൽ തുടരുകയാണ്. തൊഴിലിടങ്ങളിൽ എന്ത് കഷ്ടപ്പാടുകൾ സഹിക്കാനും നമ്മുടെ യുവതലമുറ തയ്യാറാണ്. ഉയർന്ന വിദ്യാഭ്യാസം നേടിയാൽപ്പോലും പലർക്കും മികച്ച ജോലി ലഭിക്കാറില്ല. ആദ്യം ലഭിക്കുന്ന ജോലിയിൽ കഴിവും പരിചയവും നേടി പിന്നീട് ഉയർന്ന ജോലിയിൽ പ്രവേശിക്കാമെന്ന പ്രതീക്ഷയാണ് പലരെയും ഈ കഷ്ടപ്പാടുകൾ സഹിക്കാൻ പ്രേരിപ്പിക്കുന്നത്. മതിയായ

ഉറക്കമോ വിശ്രമമോ ഇല്ലാതെയാണ് ഈ പെൺകുട്ടി തളർന്നുപോയതെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....

ശ്രീ. പി. പി. ചിത്തരഞ്ജൻ: നമ്മുടെ നാട്ടിലെ ലക്ഷക്കണക്കിനുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞാൽ അവർ നേരിടുന്ന ചൂഷണവും പ്രയാസങ്ങളുമാണ് ഞാൻ സഭയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. പ്രതിപക്ഷം ഇവിടെ വിളിച്ചുകൂവുന്നതുപോലെയല്ല. ഈ രാജ്യത്തെ ഐ.ടി. കമ്പനികളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് വരുന്ന ജീവനക്കാർ അനുഭവിക്കുന്ന വേദനയാണ് ഈ വിഷയത്തിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. അതിന് എനിക്ക് സമയം നൽകണം.

മി. സ്പീക്കർ: സമയം തരാൻ കഴിയില്ല. മൂന്ന് മിനിറ്റ് ആയി.. കൺക്ലൂഡ് ചെയ്യൂ..

ശ്രീ. പി. പി. ചിത്തരഞ്ജൻ: അന്നയുടെ ജീവൻ അപഹരിക്കപ്പെട്ടതുപോലെ മനുഷ്യത്വരഹിതമായ ഒരു നടപടിയും ഈ ലോകത്തുണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളുടെ മാനസിക

സമ്മർദം ഒഴിവാക്കാൻ രക്ഷാകർത്താക്കൾ ഇടപെടണമെന്നാണ് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അഭിപ്രായപ്പെട്ടത്. കേന്ദ്ര സർക്കാർ ഒരു അന്വേഷണം നടത്തുമെന്ന് പറഞ്ഞെങ്കിൽപ്പോലും കോർപ്പറേറ്റുകളുടെ താൽപര്യമാണ് സംരക്ഷിക്കപ്പെടാൻ പോകുന്നതെന്ന് സംശയിക്കുകയാണ്. അതുകൊണ്ട് ഐ.ടി./കോർപ്പറേറ്റ് കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിലും അവകാശവും സംരക്ഷിക്കാനും അമിതമായ ജോലിഭാരം കുറയ്ക്കാനുമുള്ള ഇടപെടലുകൾ നടത്തണമെന്നുമാണ് ഞാൻ അഭ്യർഥിക്കുന്നത്. .......(ബഹളം).......

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അടിയന്തരമായി ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അറിയിച്ചു. ഇപ്പോൾ ആകെ പെട്ടുപോയ പ്രതിപക്ഷം എങ്ങനെയെങ്കിലും ചർച്ചയിൽനിന്നും ഒളിച്ചോടാനുള്ള നീക്കമാണ് നടത്തുന്നത്. എങ്ങനെയെങ്കിലും ജീവൻകൊണ്ട് ഇവിടെനിന്ന്

രക്ഷപ്പെടാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. ഒരു കാരണവശാലും പ്രതിപക്ഷത്തിന്റെ ആ നീക്കത്തെ അനുവദിക്കാൻ പാടില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എറണാകുളം കങ്ങരപ്പടി സ്വദേശിനിയായ 26 വയസ്സ് പ്രായമുള്ള അന്ന സെബാസ്റ്റ്യൻ പൂനെയിലെ ഏണസ്റ്റ് ആൻഡ് യങ് (EY) എന്ന കമ്പനിയിൽ ജോലി ചെയ്തുവരവെ താമസസ്ഥലത്ത് കുഴഞ്ഞുവീണതിനെത്തുടർന്ന് 21-07-2024-ന് മരണപ്പെടുകയുണ്ടായി. തുടർന്ന് ടിയാരിയുടെ അമ്മ കമ്പനി ചെയർമാന് അയച്ച കത്തിൽ ജോലിസ്ഥലത്ത് ഇളവു ലഭിക്കാത്തതിനാൽ അമിത ജോലിഭാരവും സമ്മർദവും അനുഭവിച്ചിരുന്നതായി ചൂണ്ടിക്കാട്ടിയിരുന്നു. ഇക്കാര്യത്തിൽ അന്വേഷണം നടത്താമെന്ന് കമ്പനി അധികൃതർ ഉറപ്പുനൽകിയതായി അറിവായിട്ടുണ്ട്. അന്ന സെബാസ്റ്റ്യന്റെ മരണത്തിൽ ദുരൂഹതയൊന്നും കണ്ടെത്തിയിട്ടില്ലാത്തതിനാൽ സംഭവവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്ന വിവരം ലഭിച്ചിട്ടുണ്ട്. വിശ്രമമില്ലാത്ത ജോലിയും പിരിച്ചുവിടൽ ഭീഷണിയും തൊഴിലവകാശങ്ങളുടെ നിഷേധവുമൊക്കെ ഐ.ടി. രംഗത്തുൾപ്പെടെ ചില

തൊഴിൽമേഖലകളിലുണ്ടെന്ന ആക്ഷേപമുണ്ട്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളുമായി ഒപ്പുവച്ചിട്ടുള്ള പാട്ടക്കരാറിൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും പാലിച്ചിരിക്കണമെന്ന് നിബന്ധന ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധനകൾ പാലിക്കാത്തപക്ഷം ജീവനക്കാർക്ക് നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസൃതമായി നടപടികൾ തേടാനും കഴിയും. കോവിഡിനുശേഷം കൂടുതൽ കമ്പനികൾ 'വർക്ക് ഫ്രം ഹോം' സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ ഇതുസംബന്ധിച്ച് വ്യക്തമായ സമയക്രമം പരാമർശിച്ചില്ല. രാജ്യത്ത് എല്ലാ മേഖലകളിലും തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ഗോൾവാൾക്കറുടെ ചിത്രത്തിനു മുന്നിൽ വണങ്ങിയത് ആരാണെന്ന് തിരിഞ്ഞങ്ങ് ചോദിച്ചാൽ മതി. ഇങ്ങോട്ട് നോക്കി ഇത്തരം മുദ്രാവാക്യം വിളിച്ചിട്ട് യാതൊരു കാര്യവുമില്ല. ഗോൾവാൾക്കറുടെ ചിത്രത്തിനു മുന്നിൽ

വണങ്ങിയതാരെന്ന് സ്വന്തം നേതാവിനോട് ചോദിക്കൂ. അപ്പോൾ മനസ്സിലാകും ആർ.എസ്.എസ്.-നെ ആരാണ് വണങ്ങുന്നതെന്ന്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ മരണത്തെ സംബന്ധിച്ചിടത്തോളം ഒരു അന്വേഷണം നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് അഭ്യർഥിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ജോലിയുടെ അധികഭാരം സംബന്ധിച്ച പൊതുവെയുള്ള പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അത് പൊതുവെ ശ്രദ്ധിക്കേണ്ട കാര്യമാണ്. (...ബഹളം......)

ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറച്ചുകൊണ്ടുള്ള ഒരു നിലപാടും അംഗീകരിക്കാൻ സാധിക്കില്ല. അങ്ങയെ ആർക്കും കാണാൻ സാധിക്കുന്നില്ല. എന്തുമാകാമെന്ന നിലപാട് സ്വീകരിക്കാൻ സാധിക്കില്ല. നിർബന്ധമായും ബാനർ മാറ്റേണ്ടതാണ്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ബാനർ മാറ്റണം. സഭ നിർത്തിവയ്ക്കാൻ പറ്റില്ല.

(നോട്ടീസ് നൽകിയ അംഗം ശ്രീമതി ഉമ തോമസ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.